LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ & ബി) 2014-15 വർഷത്തേക്ക് സംസ്ഥാനത്ത് പ്രതീക്ഷിക്കുന്ന ശരാശരി പ്രതിദിന വൈദ്യുത ഉപഭോഗം 60 ദശലക്ഷം യൂണിറ്റാണ്. ജലവൈദ്യുത പദ്ധതികളിൽനിന്നും പ്രതിദിനം ശരാശരി 19 ദശലക്ഷം യൂണിറ്റും കേന്ദ്ര വൈദ്യുത നിലയങ്ങളിൽനിന്നും പ്രതിദിനം ശരാശരി 27 ദശലക്ഷം യൂണിറ്റും ആണ് ലഭിക്കുന്നത്. അതായത് ജലവൈദ്യുത പദ്ധതികളിൽനിന്നും കേന്ദ്ര വൈദ്യുത നിലയങ്ങളിൽനിന്നും പ്രതിദിനം ശരാശരി 45 ദശലക്ഷം യൂണിറ്റ് മാത്രമാണ് 2014-15 വർഷത്തേക്ക് പ്രതീക്ഷിക്കുന്നത്. ഇത് മൊത്തം വൈദ്യുത ആവശ്യകതയുടെ 76% മാത്രമാണ്. കൂടാതെ സംസ്ഥാനത്തെ പീക്ക് ഡിമാന്റ് 3700 മെഗാവാട്ട് ആണ്. എന്നാൽ ജലവൈദ്യുത പദ്ധതികളിൽനിന്നും ഏകദേശം 1650 മെഗാവാട്ടും കേന്ദ്ര നിലയത്തിൽനിന്നും ശരാശരി 1150 മെഗാവാട്ടും മാത്രമാണ് പ്രതീക്ഷിക്കുന്നത്. പീക്ക് സമയത്ത് ശരാശരി 700 മുതൽ 900 മെഗാവാട്ടിന്റെ കുറവ് 2014-15 വർഷത്തിൽ പ്രതീക്ഷിക്കുന്നു.

(സി & ഡി) ഇപ്പോൾ നിർമ്മാണം പുരോഗമിക്കുന്ന 13 ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ പദ്ധതികൾ വഴി 195.1 mw വൈദ്യുതി അധികമായി ഉല്പാദിപ്പിക്കുവാൻ സാധിക്കും. കൂടാതെ 31 mw-ന്റെ 7 ചെറുകിട ജലവൈദ്യുത പദ്ധതികൾ രണ്ട് വർഷത്തിനകം ടെണ്ടർ ചെയ്യുവാൻ ഉദ്ദേശിക്കുന്നു. ഇതുകൂടാതെ സ്വകാര്യ സംരംഭകർ വഴി 222 MW-ന്റെ 62 ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് സ്വന്തം നിലയിൽ നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

പുറത്തുനിന്നുള്ള വൈദ്യുതി

21 (7857) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം എത്ര യൂണിറ്റ് വൈദ്യുതി കേന്ദ്ര പൂളിൽ നിന്നുംവൈദ്യുതി എക്ചേഞ്ചിൽ നിന്നുമായി ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഇതിന് എന്ത് ക്രമീകരണമാണ് ഏർപ്പെടുത്തിയിട്ടുള്ളത് ; വ്യക്തമാക്കുമോ ;

(സി) വൈദ്യുതി വാങ്ങി ഉപയോഗിക്കുന്നതിന് പ്രസരണ ഇടനാഴി ലഭിക്കുന്നതിന് തടസ്സമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഇക്കാര്യം എങ്ങനെ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) ഈ വർഷം കേന്ദ്രപൂളിൽനിന്നും കെ.എസ്.ഇ.ബി.-യുടെ പെരിഫെറിയിൽ പ്രതിദിനം ശരാശരി 27 ദശലക്ഷം യൂണിറ്റ് വൈദ്യുതി ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതുകൂടാതെ എനർജി എക്സ്ചേഞ്ച്, വൈദ്യുതി വ്യാപാരികൾ, മറ്റ് മേഖലയിലുള്ള വൈദ്യുതി ഉത്പാദകർ തുടങ്ങിയ വിവിധ സ്രോതസ്സുകളിൽനിന്നും ഹ്രസ്വകാലാടിസ്ഥാനത്തിൽ പ്രതിദിനം ശരാശരി 12 ദശലക്ഷം യൂണിറ്റോളം വൈദ്യുതി വാങ്ങിക്കുന്നതിനാണ് വൈദ്യുതി ബോർഡ് ലക്ഷ്യമിട്ടിട്ടുള്ളത്.

(സി & ഡി) വിവിധ വൈദ്യുതി വ്യാപാരികളിൽനിന്ന് ഹ്രസ്വകാലാടിസ്ഥാനത്തിൽ 1500 മെഗാവാട്ട് വൈദ്യുതി വാങ്ങി ഉപയോഗിക്കാൻ കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിലും പ്രസരണ ഇടനാഴിയുടെ അപര്യാപ്തമൂലം മറ്റുമേഖലകളിൽ നിന്ന് വൈദ്യുതി എത്തിക്കുന്നതിന് ഓപ്പൺ അക്സസ് ലഭിക്കുന്നില്ല. കൂടുതൽ വൈദ്യുതി സംസ്ഥാനത്തിന്റെ പുറത്തുനിന്നും കൊണ്ടുവരുന്നതിനുവേണ്ടി പ്രസരണ ഇടനാഴി ലഭ്യമാക്കുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. മീഡിയം ടേം ഓപ്പൺ അക്സസ്, ഷോർട്ട് ടേം ഓപ്പൺ അക്സസ് ഇവ കേന്ദ്ര വൈദ്യുത റെഗുലേറ്ററി കമ്മീഷന്റെ ചട്ടങ്ങൾ പ്രകാരം നൽകണമെന്ന് അപേക്ഷിച്ചുകൊണ്ട് രണ്ട് പരാതികൾ കേന്ദ്ര വൈദ്യുത റെഗുലേറ്ററി കമ്മീഷന് നൽകിയിട്ടുണ്ട്.

2. കൂടുതൽ വൈദ്യുതി തമിഴ്നാട്, കേരളം ഉൾപ്പെടെയുള്ള എസ് 2 മേഖലയിൽനിന്നും വാങ്ങുന്നതിനും അങ്ങനെ പ്രസരണ ഇടനാഴിയുടെ അപര്യാപ്തമൂലമുള്ള പ്രതിസന്ധി പരിഹരിക്കാനും നടപടികൾ സ്വീകരിച്ചുവരുന്നു. കേന്ദ്രപൂളിൽനിന്നും കൂടുതൽ വൈദ്യുതി ലഭ്യമാക്കുന്നതിന് സർക്കാർ തലത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly